കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം

e-mail:ddlfakkd@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.കെ.കെ.ഡി.പി5/1952/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
ഇ-മെയിൽ:dokkd.ksad.kerala.gov.in
ഫോൺ 0495 2371012.
തീയതി. 10.11.16.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് , (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് - 2015-16സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16.സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാന ത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
3)കാര്യാലയ പകർപ്പ്

നം കെ എസ് എ.കെ.കെ.ഡി. പി5/1952/2016 തീയതി: 10-11-2016.

<u>കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 07.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് ലഭ്യമായ മറുപടി പരിഗണിച്ച ശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകൾ/ രേഖകൾ/വിശദീകരണം എന്നിവയുടെ അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം, നിർവ്വഹണാധികാരികൾ എന്നിവയുടെ വിവരം

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| ക്രമ നം | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.സതീഷ് കുമാർ.കെ. | ഓഡിറ്റ് ഓഫീസർ |
| 2 | ശ്രീ.ജയകുമാർ പാലോളി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| 3 | ശ്രീ.ശ്രീജിത്ത്.കെ.വി. | ഓഡിറ്റർ |

<u>നിർവ്വഹണാധികാരികൾ</u>

1.പ്രസിഡണ്ട്

| | |
|---|---|
| ശ്രീമതി ടി.കെ.ശാന്ത. | 01.04.2015 മുതൽ 31.10.2015 വരെ |
| ശ്രീ മോഹനൻ. | 01.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| | |
|---|---|
| ശ്രീമതി. മേരി ഷീജ.ആർ.ഇ.(ഇൻചാർജ്). | 01.04.2015 മുതൽ 20.05.2015 വരെ |
| ശ്രീ.എം.പി.രജുലാൽ (ഇൻചാർജ്). | 21.05.2015 മുതൽ 10.07.2015 വരെ |

| | |
|---|---|
| ശ്രീ. കൃഷ്ണകുമാർ.കെ.(ഇൻചാർജ്). | 13.07.2015 മുതൽ 10.08.2015 വരെ |
| ശ്രീ.സുനിൽ കുമാർ.പി.പി.. | 10.08.2015 മുതൽ 14.12.2015 വരെ |
| ശ്രീ.പി.ടി.അബ്ദുൾ സലാം . | 23.12.2015 മുതൽ 31.03.2016 വരെ |

<u>മറ്റ് നിർവ്വഹണോദ്യോഗസ്ഥർ</u>

1.അസിസ്റ്റന്റ് സെക്രട്ടറി

| | |
|---|---|
| ശ്രീമതി. മേരി ഷീജ.ആർ.ഇ.(ഇൻചാർജ്). | 01.04.2015 മുതൽ 20.05.2015 വരെ |
| ശ്രീ.എം.പി.രജ്ഞലാൽ (ഇൻചാർജ്). | 21.05.2015 മുതൽ 10.07.2015 വരെ |
| ശ്രീ. കൃഷ്ണകുമാർ.കെ.(ഇൻചാർജ്). | 13.07.2015 മുതൽ 10.08.2015 വരെ |
| ശ്രീ. രാജൻ.കെ.എ | 23.08.2015 മുതൽ 31.03.2016 വരെ |

2.അസിസ്റ്റന്റ് എഞ്ചിനീയർ

| | |
|---|---|
| ശ്രീ.സുബീഷ്.സി.എസ്. | 01.04.2015 മുതൽ 28.05.2015 വരെ |
| ശ്രീ.പ്രസൂൺ.പി.പി. | 29.05.2015 മുതൽ 10.08.2015 വരെ |
| ശ്രീ. ചന്ദ്രശേഖരൻ.ടി.വി. | 11.08.2015മുതൽ 09.12.2015വരെ |
| ശ്രീ. സിമിഭാസ്കർ. | 10.12.2015മുതൽ 31.03.2016വരെ |

3.വെറ്ററിനറി സർജൻ

| | |
|---|---|
| ശ്രീ. മുസ്തഫ.കെ.ടി. | 22.04.2015 മുതൽ 02.10.2015 വരെ |
| ശ്രീ.സുനിൽ കുമാർ.സി. | 03.10.2015മുതൽ 31.03.2016 വരെ |

4.കൃഷി ഓഫീസർ

| | |
|---|---|
| ശ്രീ.വിനോദ് . | 01.04.2015 മുതൽ 13.07.2015 വരെ |
| ശ്രീമതി.സിന്ധു.. | 13.07.2015 മുതൽ 19.12.2015 വരെ |
| ശ്രീമതി.അനില.ടി.ശശി. | 19.12.2015 മുതൽ 31.03.2016 വരെ |

5.ഹെഡ് മാസ്റ്റർ

| | |
|---|---|
| ശ്രീ.കെ.വി.ശശി. | 01.04.2015 മുതൽ 31.03.2016 വരെ |

6.ഐ.സി.ഡി.എസ് സൂപ്പർവൈസർ

| | |
|---|---|
| ഷൈജ.കെ.പി. | 01.04.2015 മുതൽ 31.03.2016 വരെ |

7.മെഡിക്കൽ ഓഫീസർ അലോപ്പതി

| | |
|---|---|
| പി.കെ.ഉസ്മാൻ. | 01.04.2015 മുതൽ 31.03.2016 വരെ |

8.മെഡിക്കൽ ഓഫീസർ, ആയുർവേദം

| | |
|---|---|
| സാജിദ, പാലയാട്ടുപൊയിൽ. | 01.04.2015 മുതൽ 31.03.2016 വരെ |

9.മെഡിക്കൽ ഓഫീസർ, ഹോമിയോ

| | |
|---|---|
| ശ്രീമതി. നഫീസ. | 01.04.2015 മുതൽ 31.03.2016 വരെ |

10.വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

| | |
|---|---|
| ശ്രീ.അഷറഫ് .കെ. | 01.04.2015 മുതൽ 31.03.2015 വരെ |
| ശ്രീ.അരുൺ.ഇ. | 01.04.2015 മുതൽ 31.03.2016 വരെ |

ഉള്ളടക്കം

ഭാഗം 1.ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം.


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തനത് വരുമാനം | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |

| | | |
|---|---|---|
| 10 | അനുബന്ധ പത്രികകൾ | 1-10 |

ഭാഗം-II

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | വാർഷിക ധനകാര്യപത്രികയുടെ പരിശോധന | 2-1 |
| 2 | തൊഴിൽ നികുതി പിരിവിലെ അപാകതകൾ | 2-2 |
| 3 | ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ | 2-3 |
| 4 | സേവനനികുതി ഈടാക്കുന്നില്ല | 2-4 |
| 5 | പരസ്യനികുതി ഈടാക്കിയില്ല | 2-5 |

ഭാഗം-III

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പട്ടികജാതി അഗതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ അർഹമായതിലും അധികം തുകയ്ക്കുള്ള ഫർണിച്ചർ വാങ്ങിനൽകി | 3-1 |
| 2 | ടെൻഡർ നടപടികൾപാലിക്കാതെ അംഗൻവാടികൾക്കായി കളി ഉപകരണങ്ങൾ വാങ്ങി. | 3-2 |
| 3 | പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി തുകയിൽ 6800/- രൂപ നാളിതുവ രെയായും കർഷകർക്ക് വിതരണം ചെയ്തില്ല. | 3-3 |
| 4 | വനിതകൾക്ക് ആട്ടുവളർത്തൽ - പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതിലെ അപാകതകൾ | 3-4 |
| 5 | സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ - പദ്ധതി പൂർത്തിയായില്ല. | 3-5 |
| 6 | സർക്കാർ വിദ്യാലയങ്ങൾക്ക് പെയിന്റിംഗ് ചുമർ ചിത്രം വരയ്ക്കൽ പ്രവർത്തി -ടെൻണ്ടർ നടപടികൾ പാലിച്ചില്ല. | 3-6 |
| 7 | പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം മൂലം തുക ചെലവഴിക്കാൻ കഴിയാതെ വൻതുക നഷ്ടപ്പെടുന്നു. | 3-7 |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4-2 | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 6 | ഓഡിറ്റ് റിക്കവറി | 4-6 | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2015-16 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത്) |
|---|---|
| 1/24.3.15 | 1/2.3.16 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 29.07.2016 |

## 1-3 വാർഷിക ധനകാര്യപത്രിക - അപാകതകൾ

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1.നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നിർവ്വഹണ പ്രോജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ്/ആദായനികുതി/ കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 30550113.46 |
| വരവ് | 30242301.00 |
| ആകെ | 60792414.46 |
| ചെലവ് | 43391578.00 |
| നീക്കിബാക്കി | 17400836.46 |

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | | |
| 237 | 108 | 7 | 122 | 45 |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 3 | 1358800 | 1042800 | 76 |
| വെറ്ററിനറി സർജ്ജൻ | 5 | 5 | 2674000 | 1363336 | 51 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 1 | 1 | 390000 | 379394 | 93 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 1 | 1 | 300000 | 300000 | 100 |
| വി.ഇ.ഒ | 5 | 4 | 12207450 | 3129950 | 26 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 7 | 5094882 | 4353421 | 85 |
| സെക്രട്ടറി | 11 | 11 | 2424727 | 2260584 | 93 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 183 | 58 | 69219190 | 13455522 | 19 |
| ഹെഡ് മാസ്റ്റർ | 14 | 13 | 1825245 | 1231186 | 67 |
| അസിസ്റ്റന്റ് സെക്രട്ടറി | 6 | 5 | 2690000 | 879464 | 33 |

## 1-6 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3657756 | 3338827 | 318929 | (-)8.7 |
| നികുതിയേതര വരവുകൾ | 1333349 | 747515 | 585834 | (-)43.9 |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | 193344 | 105619 | 87725 | (-)45.37 |
| ആകെ | 5184449 | 4191961 | 992488 | (-)19 |

## 1-7 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ | കാലതാമസമുണ്ടെങ്കിൽ പരിഹാര മാർഗ്ഗം. |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 59 | 0 | 2 | അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാവുന്നതാണ്. |
| 2 | തൊഴിൽ രഹിത വേതനം | 19 | 2 | 1 | അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാവുന്നതാണ്. |
| 3 | വിധവാ പെൻഷൻ | 82 | 11 | 9 | അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാവുന്നതാണ്. |
| 4 | വികലാംഗ പെൻഷൻ | 21 | 0 | 3 | അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാവുന്നതാണ്. |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1 | 1 | 0 | |
| 6 | വാർദ്ധക്യകാല പെൻഷൻ | 449 | 84 | 69 | അപേക്ഷകരുടെ സൗകര്യാർത്ഥം വാർഡ് തലത്തിൽ സേവാഗ്രാമ ങ്ങളിൽ വെച്ച് അദാലത്ത് നട ത്തി അപേക്ഷകളിൽ തീർപ്പ് കൽപ്പിക്കാവുന്നതാണ്. |

അപേക്ഷാ രജിസ്റ്റർ പൂർണ്ണമല്ല. 15 ശതമാനം അപേക്ഷകൾ മാത്രമെ സമയബന്ധിതമായി തീർപ്പാക്കിയിട്ടുള്ളൂ.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 8840 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് | 19.07.2016 | ജൂലായ് 2016 | റിപ്പോർട്ട് | റിപ്പോർട്ട് ലഭ്യമായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | | | ലഭ്യമായിട്ടില്ല | |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 22.06.2006-04.07.2006 | 1997-98 മുതൽ 2005-2006 | 27.04.2012 | എൽ.ബി.എ(എച്ച്.ക്യൂ) III/8എ-1009/2006 തീയതി.27.04.2012 |

## 1-10 അനുബന്ധ പത്രികകൾ

ഓഡിറ്റ് സർട്ടിഫിക്കറ്റ്

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യപത്രികയുടെ പരിശോധന

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യപത്രികയും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ ശ്രദ്ധയിൽപെട്ടു.

1. നിർവ്വഹണ ഉദ്യോഗസ്ഥർ മുഖേന നിർവ്വഹണ പ്രൊജക്ടുകളിൽ നിന്നും ഈടാക്കുന്ന വാറ്റ് / ആദായനികുതി / കെട്ടിട നിർമ്മാണതൊഴിലാളി ക്ഷേമനിധി എന്നിവ അക്കൗണ്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.
2. പഞ്ചായത്തിന്റെ സ്ഥാവര ജംഗമ ആസ്തികൾ പൂർണ്ണമായി തിട്ടപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1-ആയി ഉൾപ്പെടുത്തിയിട്ടുണ്ട്

## 2-2 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ തൊഴിൽ നികുതി രജിസ്റ്റർ,റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകതകൾ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, നീതി സ്റ്റോർ ചെമ്മരത്തൂർ എന്നീ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കിയിട്ടില്ല .

2.അക്യൂറ ഹോസ്പിറ്റൽ എന്ന സ്ഥാപനത്തെ സ്ഥാപന രജിസ്റ്ററിൽ ഉൾപ്പെടുത്തി ഡിമാൻറ് ചെയ്തിട്ടില്ല.

3.പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്യുന്ന ആധാരമെഴുത്തുകാർ, ഡോക്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

മേൽ പരാമർശങ്ങളുമായ് ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണകുറിപ്പിന് അപാകതകൾ പരിഹരിക്കുമെന്ന് മറുപടി സമർപ്പിച്ചിട്ടുണ്ട്.ഉക ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 2-3 ലൈസൻസ് അനുവദിക്കുന്നതിലെ അപാകതകൾ

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ 2015-16 വർഷത്തെ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്ത അപാകത ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

വി.എം.അശോകൻ എന്നവരുടെ പേരിൽ ലൈസൻസ് അനുവദിച്ചിട്ടുള്ള പെട്രോൾ പമ്പ് മലിനീകരണ നിയന്ത്രണ ബോർഡിന്റെ നിരാക്ഷേപ സാക്ഷ്യപത്രമില്ലാതെയാണ് പ്രവർത്തിക്കുന്നത്. നിരാക്ഷേപസാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-4 സേവനനികുതി ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2) , 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്ത് 2015-16 ൽ മേൽ പറഞ്ഞ സേവനങ്ങൾക്കായി താഴെ പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്.

| ഏർപ്പെടുത്തിയ സേവനങ്ങൾ | ചെലവഴിച്ച തുക | ഈടാക്കാവുന്ന സേവന നികുതി നിരക്ക് ചട്ടം 26 |
|---|---|---|
| മാലിന്യ നിർമ്മാർജ്ജനം/ ശുചിത്വ പരിപാലനം | 0 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 4% |
| തെരുവ് വിളക്ക് | 308875 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 3% |
| ജലവിതരണം | 679875 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 2% |
| ഡ്രെയിനേജ് | 0 | കെട്ടിടത്തിന്റെ വസ്തു നികുതിയുടെ 1% |
| ആകെ | 988750 | 2 |

2015-16 വർഷത്തിൽ കെട്ടിടനികുതിയിനത്തിൽ തൻവർഷ വരവ് 2050718/- രൂപ വരവുണ്ട്. എന്നാൽ സേവനങ്ങൾക്ക് ഈടാക്കാവുന്ന സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

## 2-5 പരസ്യനികുതി ഈടാക്കിയില്ല

1994ലെ കേരള പഞ്ചായത്ത്രാജ് നിയമം സെക്ഷൻ 209 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് ഏതെങ്കിലും ഭൂമിയിലോ കെട്ടിടത്തിലോ ചുമരിലോ പരസ്യപലകയിന്മേലോ എട്ടപ്പിന്മേലോ അതിന്റെ മുകളിലോ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് പരസ്യനികുതി ഈടാക്കാവുന്നതാണ്.ഇതിനായി നിരക്കുകളും മറ്റു കാര്യങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ ബൈലോ തയ്യാറാക്കി ഭരണസമിതിയുടെ അംഗീകാരത്തോടെ സർക്കാരിനയച്ച് അംഗീകാരം വാങ്ങേണ്ടതാണ്.എന്നാൽ ഓഡിറ്റ് തീയതി വരെയും പ്രസ്തുത നടപടികൾ സ്വീകരിച്ചതിന്റെ വിവരങ്ങളൊന്നും തന്നെ ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് പ്രദേശത്ത് നിന്നും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി അഗതി കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്യൽ അർഹമായതിലും അധികം തുകയ്ക്കുള്ള ഫർണിച്ചർ വാങ്ങിനൽകി

പ്രോജക്ട് നം-244/16

അടങ്കൽ -80245/-(എസ്.സി.പി)

ചെലവ് -73686 (ബിൽ നം-8/31-3-16)

നിർവ്വഹണഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

പഞ്ചായത്തിലെ സർക്കാർ എൽ.പി/യു.പി സ്കൂളുകളിലെ അഞ്ച് കുട്ടികൾക്ക് പഠനസൗകര്യം മെച്ചപ്പെടുത്താൻ വേണ്ടി 16049/-രൂപ വിലവരുന്ന മേശ വാങ്ങിനൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത് . നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി ടെൻണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വാട്ട് ചെയ്ത ഫിഡ്കോ സമർപ്പിച്ച ടെൻണ്ടർ സ്വീകരിക്കുകയും 9-3-16 ലെ ഇൻവോയ്സ് നം-230 പ്രകാരം 14738 രൂപ നിരക്കിൽ 5 പഠനമേശകളുടെ വിലയായി 73686/- രൂപ ഫിഡ്ക്കോയ്ക്ക് നൽകുകയും . ഒന്നിന് 14738 രൂപ വിലവരുന്ന പഠനമേശകൾ 5 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്.ജി.ഒ.(എം.എസ്) നമ്പർ 362/2013 /ത.സ്വ.ഭ.വ തീയ്യതി 16-11-2013 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം -16 ഖണ്ഡിക 6.8.3 പ്രകാരം പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങിനൽകുന്നതിന് 4000/-രൂപ ധനസഹായമാണ് നൽകാവുന്നത് .മേൽ ഉത്തരവിന് വിരുദ്ധമായി ഒരു വിദ്യാർത്ഥിക്ക് 14738 രൂപ വില വരുന്ന പഠനമേശ നൽകുക വഴി ഒരാൾക്ക് 10738 പ്രകാരം അഞ്ചുപേർക്കായി 53690/- രൂപ അധിക ചെലവ് ചെയ്യുന്നതിനിടയായിട്ടുണ്ട് . മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. മാർഗ്ഗരേഖക്ക് വിരുദ്ധമായി ചെലവുതുക 53690/- ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്ററിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 <u>ടെൻഡർ നടപടികൾപാലിക്കാതെ അംഗൻവാടികൾക്കായി കളി ഉപകരണങ്ങൾ വാങ്ങി.</u>

പ്രോജക്ട് നം-10

നിർവ്വഹണം -ഐ.സി.ഡി.എസ് .സൂപ്പർ വൈസർ

അടങ്കൽ - 179157
ചെലവ് - 178975

ബിൽ നം - 16/26-3-15

പഞ്ചായത്തിലെ 35 അംഗൻവാടികൾക്കായി കളിഉപകരണങ്ങളായ റൈഡർ കാർ , ബേബി സൈക്കിൾ , ബിൽഡിങ്ങ് ബ്ളോക്ക് എന്നിവ വാങ്ങിനൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്.പ്രോജക്ട് നടത്തിപ്പിൻെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥ കേരളാ ആർട്ടിസാൻസ് ഡവലപ്പ് മെന്റ് കോർപ്പറേഷൻ ലിമിറ്റഡിൽ(കാഡ്കോ) നിന്നും ഇൻവോയ്സ് നം - 122 തീയ്യതി 8-03-2016 പ്രകാരം 178975/- രൂപ വിലയുള്ള കളിഉപകരണങ്ങൾ ടെൻണ്ടർ നടപടികൾ കൂടാതെ വാങ്ങി 35അംഗൻവാടി കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ കാഡ്ക്കോയ്ക്ക് കളിഉപകരണങ്ങളായ റൈഡർകാർ, ബേബി സൈക്കിൾ ,ബിൽഡിംഗ് ബ്ളോക്ക് എന്നിവ ടെൻഡർ നടപടികൾകൂടാതെ തദ്ധേശഭരണസ്ഥാപനങ്ങൾക്ക് വിതരണം ച്ചെയ്യാമെന്നു സംബന്ധിച്ച സർക്കാർ ഉത്തരവ് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്നുള്ള 1/17-10-16 ഓഡിറ്റ് എൻക്വയറിക്ക് കാഡ്ക്കോയ്ക്ക് പ്ളാസ്റ്റിക്ക് ഉപകരണങ്ങൾ സപ്ളൈ ചെയ്യാമെന്നുള്ള ഉത്തരവാണ് ഹാജരാക്കിയിട്ടുള്ളത് .കാഡ്കോ സപ്ളൈ ചെയ്തിരിക്കുന്ന കളി ഉപകരണങ്ങൾ എല്ലാം തന്നെ കാഡ്കേ നേരിട്ട് നിർമ്മാണം നടത്താത്തതാണെന്നിരിക്കെ ടെൻണ്ടർ നടപടികൾ കൂടാതെ പ്രസ്തുത കളിഉപകരണങ്ങൾ വാങ്ങിയത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 <u>പച്ചക്കറികൃഷിക്ക് കൂലിചെലവ് സബ്സിഡി തുകയിൽ **6800/-** രൂപ നാളിതുവരെയായും കർഷകർക്ക് വിതരണം ചെയ്തില്ല.</u>

പ്രോജക്ടിന്റെ പേര്-പച്ചക്കറികൃഷിക്ക് വിത്ത് വളം കൂലിചെലവ് സഹായം

പ്രോജക്ട് നം-15/16

നിർവ്വഹണം- കൃഷി ഓഫീസർ

അടങ്കൽ -230000 (200000 വികസനഫണ്ട് ,30000 ഗുണഭോക്തൃവിഹിതം)

ചെലവ് -200000 ( ബിൽ നം-2/28-3-16)

പഞ്ചായത്തിലെ 10 ഹെക്ടർ സ്ഥലത്ത് പച്ചക്കറികൃഷി ചെയ്ത് 50 ടൺ പച്ചക്കറി അധിക ഉത്പാദനം ലക്ഷ്യമിട്ട പ്രോജക്ടിൽ പത്ത് സെന്റിൽ കുറയാതെ പച്ചക്കറികൃഷിചെയ്യുന്ന കർഷകർക്ക് പച്ചക്കറി വിത്ത്,ജൈവവളം, കൂലിചെലവ് എന്നിവയ്ക്ക് സഹായം നൽകാനായാണ് ഉദ്ദേശിച്ചത് .പ്രോജക്ട് നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ 10000/- രൂപ വിലവരുന്ന പച്ചക്കറി വിത്തുകൾ വി.എഫ്.പി.സി.കെ യിൽ നിന്നും വാങ്ങി 250 കർഷകർക്കായി വിതരണം നടത്തുകയും,250 പേർക്ക് പെർമിറ്റ് പ്രകാരം വിതരണം നടത്തിയ ജൈവവളത്തിനുള്ള സബ്സിഡി തുകയായി 90000/- രൂപ മന്തരത്തൂർ സർവ്വീസ് ബാങ്കിന് നൽകിയിട്ടുണ്ട്. എന്നാൽ പച്ചക്കറികൃഷിക്കുള്ള കൂലിചെലവ് സബ്സിഡി യിനത്തിൽ 250 പേർക്ക് 400 രൂപ നിരക്കിൽ 100000 രൂപ പിൻവലിച്ചിട്ടുള്ളതിൽ ഓഡിറ്റ് തീയ്യതി വരെയും 93200/- രൂപ മാത്രമാണ് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുള്ളത് .17 കർഷകരുടെ സബ്സിഡി തുകയായ 6800/- രൂപ കാഷ് ബുക്ക് പ്രകാരം നാളിതുവരെയായും വിതരണം നടത്താതെ കൃഷിഭവനിൽ സൂക്ഷിച്ചിരിക്കുകയാണ് .ജി.ഒ.പി 177/2006 തീയ്യതി 12-4-2006 ധനവിനിയോഗമാർഗ്ഗരേഖ ഖണ്ഡിക 8.3 പ്രകാരം ഓരോമാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന ക്യാഷ്/ ഡി.ഡി തുകകൾ ട്രഷറി ചലാൻ മുഖേന തിരിച്ചടക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പിൻ വലിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന 6800/- രൂപ കർഷകർക്ക് നൽകുകയോ ട്രഷറിയിൽ തിരിച്ചടവാക്കുകയോ ചെയ്യാത്തതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു .

## 3-4 വനിതകൾക്ക് ആട്ടുവളർത്തൽ - പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിയതിലെ അപാകതകൾ

പ്രോജക്ട് നം-96/16

അടങ്കൽ -400000 (200000 ധനകാര്യകമ്മീഷൻ ഗ്രാന്റ്,200000 ഗുണഭോക്തൃവിഹിതം)

ചെലവ് -180000

പ്രോജക്ട് പ്രകാരം പർച്ചേസ് കമ്മിറ്റി എട്ട് കിലോ ഗ്രാമിൽ കുറയാത്ത ആറ് മാസം പ്രായമായമുള്ള 160 ആട്ടുകളെ വാങ്ങി ഇൻഷൂർ ചെയ്ത് ഒരാടിന് 1250/- രൂപവീതം ഒരുഗുണഭോക്താവിന് 2500/- രൂപ സബ്സിഡിയായി ആടിനെ വിൽക്കുന്നയാൾക്ക് നൽകുന്നതിനായാണ് പ്രോജകട് രൂപീകരിച്ചിട്ടുള്ളത്. പ്രോജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി 144 ആട്ടുകളെ പർച്ചേസിങ്ങ് കമ്മിറ്റി മുഖേനെ വാങ്ങി വെറ്റിനറി സർജൻ ഗുണഭോക്താക്കൾക്കായി വിതരണം ചെയ്തിട്ടുണ്ട്. ജി.ഓ (എം.എസ്) നമ്പർ 362/2013 /ത.സ്വ.ഭ.വ തീയ്യതി 16-11-2013 പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച പരിഷ്കരിച്ച മാർഗ്ഗരേഖ അനുബന്ധം -16 ഖണ്ഡിക 3.2.2 പ്രകാരം വ്യക്തിഗത ഗുണഭോക്താക്കൾക്ക് ആട്ടുകളെ വിതരണം ചെയ്യുന്ന പ്രോജക്ടുകളിൽ ഒരാൾക്ക് കുറഞ്ഞത് മൂന്ന് ആട്ടുകളെയെങ്കിലും നൽകണം എന്ന് നിഷ്കർഷിക്കുകയും വാങ്ങുന്ന ആട്ടുകൾക്ക് കുറഞ്ഞത് 10 കിലോഗ്രം ഭാരം ഉണ്ടായിരിക്കണം എന്നും നിഷ്കർഷിക്കുന്നുണ്ട്. മേൽ നിർദ്ദേശത്തിന് വിരുദ്ധമായാണ് തൻവർഷം പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത്. മേൽനിർദ്ദേശങ്ങളിൽ ഉരുക്കളെ കുറഞ്ഞത് മൂന്നുവർഷമെങ്കിലും വളർത്തുമെന്നാണ് ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടേണ്ടതെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥനുമായി ഗുണഭോക്താക്കൾ രണ്ട് വർഷം വിൽക്കാതെ നോക്കിക്കൊള്ളു ന്നതാണെന്ന കരാറിലാണ് ഏർപ്പെട്ടിരിക്കുന്നത് .കൂടാതെ ഗുണഭോക്താക്കളുമായി വ്യക്തിഗതമായി പ്രത്യേകം പ്രത്യേകം മുദ്രപത്രങ്ങളിൽ കരാറിലേർപ്പെടുന്നതിന് പകരം 100 രൂപയുടെ ഒറ്റ മുദ്രപത്രത്തിൽ 71 ഗുണഭോക്താക്കളുമായി ഒറ്റകരാറിൽ ഏർപ്പെട്ടതായും ഒരുഗുണഭോക്താവുമായി കരാറിൽ ഏർപ്പെടാത്തതായും കാണുന്നു.മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്ന 2/17-10-16 ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ടിൽ എട്ടുകിലോ ഉള്ള ആട്ടുകളെനൽകാനാണ് രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും യഥാർത്ഥത്തിൽ പത്തുകിലോയ്ക്ക് മുകളിലുള്ള ആട്ടുകളെ യാണ് വിതരണം ചെയ്തതെന്നും ഗുണനിലവാരം ഉറപ്പ് വരുത്തിയിട്ടുള്ളതെന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകിയിട്ടുണ്ട്.സബ്സിഡി മാർഗ്ഗരേഖ പ്രകാരം മൂന്ന് ആട്ടുകളെ വീതം നൽകാതിരുന്നതും,ഗുണഭോക്താക്കളുമായി മൂന്നുവർഷം വരെ ആട്ടുകളെ വളർത്തുന്നതാണ് എന്ന് പ്രത്യേകം കരാറിൽ ഏർപ്പെടാതിരുന്നതും പ്രോജക്ട് നടത്തിപ്പിലെ അപാകതയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-5 സൗരോർജ്ജ വിളക്ക് സ്ഥാപിക്കൽ - പദ്ധതി പൂർത്തിയായില്ല.

പ്രോജക്ട് നം-64/16

അടങ്കൽ -100000/-(എസ്.സി.പി)

ചെലവ് -89464/(ബിൽ നം-7/30-3-16)

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

പഞ്ചായത്തിലെ പൂക്കോട് എസ്.സി.ശ്മശാനത്തിലേക്ക് സൗരോർജ്ജ വിളക്ക് സ്ഥാപിക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടിന്റെ ഭാഗമായി KREWS ഇൻവോയ്സ് നം -1050 തീയ്യതി 18-3-2016 പ്രകാരം 89464 /- രൂപ യ്ക്ക് രണ്ട് 36 w Solar Lighting System (LED)(LSS) with 36W LED/Exide Tubular Battery 120Ah, 150 Wp SPW with 6 Mtr Poleസപ്ളൈ ചെയ്തിട്ടുണ്ട് .KREWS ന്റെ 19-03-2016 നുള്ള കത്തിൽ പ്രവർത്തി പൂർത്തീകരിച്ച് 15 ദിവസത്തിനുള്ളിൽ വിളക്കുകളുടെ വില നൽകേണ്ടതാണെന്നാണ് വ്യക്തമാക്കിയിട്ടുള്ളത് . എന്നാൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കൽ പ്രവർത്തി പൂർത്തീകരിക്കുന്നതിന് മുൻപ് തന്നെ KREWS ന് 21-4-2016 ലെ ഡി.ഡി നം-289068 പ്രകാരം 89464/- രൂപ നൽകിയിട്ടുണ്ട്. കൂടാതെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് നിർവ്വഹണ ഉദ്യോഗസ്ഥൻ KREWS മായി യാതോരുവിധ കരാറുകളിലും ഏർപ്പെട്ടിട്ടില്ല . KREWS നൽകിയ 2-2-16 ലെ നം-0527 പെർഫോർമ ഇൻവോയ്സ് പ്രകാരം സപ്ളൈ ചെയ്ത സൗരോർജ്ജവിളക്കുകളുടെ വാറണ്ടിയായി രേഖപ്പെടുത്തി യിരിക്കുന്നത് 15 മാസകാലമാണ്. മേൽ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാതെ ഓഡിറ്റ് തീയ്യതി വരെയും പഞ്ചായത്തിൽ സൂക്ഷിച്ചിരിക്കുകയാണ് . വാറണ്ടി കാലയളവിനുള്ളിൽ തന്നെ സൗരോർജ്ജ വിളക്കുകൾ സ്ഥാപിക്കാതിരിക്കുക വഴി പഞ്ചായത്തിനുണ്ടാകുന്ന കഷ്ട നഷ്ടങ്ങൾ നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിർണ്ണയിക്ക പ്പെടുന്നതിനിടയാക്കും .മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-6** സർക്കാർ വിദ്യാലയങ്ങൾക്ക് പെയിന്റിംഗ് ചുമർ ചിത്രം വരയ്ക്കൽ പ്രവൃത്തി -ടെൻണ്ടർ നടപടികൾ പാലിച്ചില്ല.

പ്രോജക്ട്നം-233/16

അടങ്കൽ -190000/-(വികസനഫണ്ട്)

ചെലവ് -190000/-(ബിൽ നം -3/27-10-15)

നിർവ്വഹണം-ഹെഡ്മാസ്റ്റർ.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ സർക്കാർ വിദ്യാലയങ്ങളായ ജി.യു.പി സ്കൂൾ തിരുവള്ളൂർ, പൈങ്ങോട്ടായി ഗവ.യു.പി സ്കൂൾ എന്നിവിടങ്ങളിലെ 33 ക്ലാസ് മുറികളിൽ അകവും പുറവും പെയിന്റ് ചെയ്ത് ആകർഷകമായ ചിത്രങ്ങൾ വരച്ച് ശിശു സൗഹൃദ വിദ്യാലയമാക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതി നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥനായ ഹെഡ് മാസ്റ്റർ രണ്ട് ക്വട്ടേഷൻ സ്വീകരിക്കുകയും കുറഞ്ഞനിരക്കായ 190000/- രൂപ ക്വാട്ട് ചെയ്ത സജീഷ് കെ .കുന്നത്ത് എന്നയാൾക്ക് പ്രവർത്തി നൽകുകയും ചെയ്തിട്ടുണ്ട്. ജി.ഒ(പി) 259/2010 ത.സ്വ.ഭ.വ തീയ്യതി 8.11.2010 തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം 100000/- കൂടുതൽ മതിപ്പുവിലയുള്ള സാധനങ്ങളും സേവനങ്ങളും സമാഹരിക്കുമ്പോൾ വ്യാപകമായ പ്രചാരമുള്ള ഒരു ഇംഗ്ളീഷ് ദിനപത്രത്തിലും മലയാളം ദിനപത്രത്തിലും പരസ്യം ചെയ്യണം .ടെണ്ടർ ഫോറത്തിന്റെ വില്പനക്കും സമർപ്പണത്തിനും പരസ്യതീയ്യതി മുതൽ 21ദിവസം നൽകണം , ടെണ്ടർ സമർപ്പിച്ചവരുടെയും സോഷ്യൽ ഓഡിറ്റ് കമ്മിറ്റിയിലെ ഒരംഗത്തിന്റെ സാന്നിദ്ധ്യത്തിൽ ടെണ്ടറുകൾ പരസ്യമായി തുറക്കണം എന്നീ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് രണ്ട് ക്വട്ടേഷനുകൾ മാത്രം സ്വീകരിച്ച് അതിൽ കുറവ് ക്വാട്ട് ചെയ്തയാൾക്ക് പ്രവർത്തി അനുവദിച്ച് തൻവർഷം 190000/-രൂപ ചെലവിൽ വിദ്യാലയങ്ങളിൽ പെയിന്റിംഗ് ചുമർചിത്രം വരയ്ക്കൽ പ്രവൃത്തി നടത്തിയത് . ആയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല . ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-7** പൊതുമരാമത്ത് പ്രവൃത്തികളുടെ ബാഹുല്യം മൂലം തുക ചെലവഴിക്കാൻ കഴിയാതെ

വൻതുക നഷ്ടപ്പെടുന്നു.

2015-16 വർഷം അംഗീകാരം ലഭിച്ച 183 പൊതുമരാമത്ത് പ്രൊജക്ടുകളിൽ 68 എണ്ണം മാത്രമേ തൻവർഷം നിർവ്വഹണം ചെയ്യാൻ സാധിച്ചിട്ടുള്ളൂ. അംഗീകാരം ലഭിച്ച 87 പുതിയ പ്രൊജക്ടുകളിൽ 21 എണ്ണവും സ്പിൽ ഓവറായി അംഗീകാരം ലഭിച്ച 96 പ്രൊജക്ടുകളിൽ 47 എണ്ണവും മാത്രമാണ് നിർവ്വഹണം ചെയ്തത്. പൊതുമരാമത്ത് പ്രവൃത്തികൾക്കായി വകയിരുത്തിയ 69219190 രൂപയിൽ 13455522 രൂപയുടെ പ്രവൃത്തികൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്.വിവിധഫണ്ടുകളിൽ നിന്നും വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഫണ്ട് | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട് | 4238809 | 971479 | 22.92 |
| എസ്.സി.പി. | 1103346 | | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 6152512 | 3406174 | 55.36 |
| ലോക ബാങ്ക് സഹായം | 2984066 | 2564425 | 85.94 |
| തനത് ഫണ്ട് | 9587523 | 1468213 | 15.31 |
| റോഡ് | 8707322 | 3787940 | 43.5 |
| റോഡിതരം | 4418146 | 633156 | 14.33 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 1000000 | | 0 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 1450000 | 624135 | 43.04 |
| മറ്റുള്ളവ | 29577466 | | 0 |
| ആകെ | 69219190 | 13455522 | 19.44 |

പ്രോജക്ട് തയ്യാറാക്കി നിർവ്വഹണം നടത്താതിരുന്നതിനാൽ തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിന് കാരണമാവുന്നുണ്ട്. ഒരു അഡീഷണൽ ചാർജ്ജുള്ള അസിസ്റ്റന്റ് എഞ്ചിനീയറും ഒരു തേർഡ് ഗ്രേഡ് ഓവർസിയറും, അഡീഷണൽ ചാർജ്ജുള്ള ഒരു ഓവർസിയറും മാത്രം ഉണ്ടായിരിക്കെയാണ് പഞ്ചായത്ത് ഇത്രയും പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിരിക്കുന്നത്.ഇത് കാരണം പ്രവൃത്തികളുടെ ഭൂരിഭാഗവും നിർവ്വഹിച്ചാൽ തന്നെ ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് സൈറ്റ് സന്ദർശിക്കാൻ സ്റ്റാഫിന് കഴിയണമെന്നില്ല.തൻവർഷത്തെ പ്രവൃത്തികളിൽ ഭൂരിഭാഗവും റോഡ് പ്രവൃത്തികളാണ്.റോഡ് പ്രവർത്തികളിൽ റോഡ് ഫോർമേഷൻ മുതൽ ടാറിംഗ് വരെയുള്ള ജോലികൾക്കായി ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം സോളിംഗ് ജോലികൾക്ക് മാത്രമായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി ചെയ്യുന്നതായും കാണുന്നു.സോൾചെയ്ത റോഡുകളിൽ വർഷങ്ങൾക്ക് ശേഷം മാത്രം ടാറിംഗ് പ്രവൃത്തികൾ നടത്തുന്നതായും ഇതുകാരണം പിന്നീട് റീസോളിംഗിനായിഅധികം തുക ചെലവഴിക്കാനും ഇടവരുന്നു.ആയതിനാൽ ഭാഗികമായ റോഡ് നിർമ്മാണത്തിന് ചെറിയതുകയ്ക്കുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് ഒഴിവാക്കി റോഡ് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങൾക്കായി ഒറ്റ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ടുകളുടെ എണ്ണത്തിൽ കുറവ് വരുത്തി ഗുണമേന്മ ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി രൂപീകരണത്തിലെയും, നിർവ്വഹണത്തിലെയും മേൽ അപാകതകൾ മൂലം തൻവർഷം പൊതുമരാമത്ത് പ്രവൃത്തികൾക്കായി വയകയിരുത്തിയ 69219190 രൂപയിൽ ആകെ ചെലവായ 13455522 രൂപ കഴിച്ച് ബാക്കി 55763668 കോടി രൂപയുടെ പ്രവൃത്തികൾ തൻവർഷം പഞ്ചായത്തിന് നഷ്ടപ്പെടാനിടയായിട്ടുണ്ട്.ആയത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| സ്ഥാപനം | | | | |
| തോടന്നൂർ ബ്ലോക്ക് പഞ്ചായത്ത് | 265200 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 263525 | 1675 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 500000 | പൂവോട്ട് കുന്ന് കുടിവെള്ള പദ്ധതി | 347993 | 152007 |
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് | 500000 | കുന്നമ്മക്കാട്ടിൽ കുടിവെള്ള പദ്ധതി | 276142 | 223858 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 (i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം. |
|---|---|---|---|---|---|
| 1 | 480000 | ഇ.എം.എസ് ഭവനപദ്ധതി | 480000 | 0 | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| 1 | ഇ.എം.എസ് ഭവനപദ്ധതി 2 | 533/2010 തീയതി.18/02/2010 | 12107500 | 4957750+ 1911256 പലിശ | 1429950 | | 5935405 |
| | | 162/13/26.4.13 | 1615291 | 480000 | 940585 | 59415 | 1154706 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2610526 |
| തൻവർഷം നിക്ഷേപിച്ച തുക | 555388 |
| ആകെ | 3165914 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3165914 |

(2015-16) വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു

| നിക്ഷേപത്തിന്റെ വിവരം | തുക | രശീതി നം, |
|---|---|---|
| മന്തരത്തൂർ സഹകരണ റൂറൽ ബാങ്ക് | 400000 | എഫ്.ഡി. നം 2131 |
| മന്തരത്തൂർ സഹകരണ റൂറൽ ബാങ്ക് | 300000 | എഫ്.ഡി. നം 2797 |
| മന്തരത്തൂർ സഹകരണ റൂറൽ ബാങ്ക് | 1000000 | എഫ്.ഡി. നം 4479 |
| ആകെ | 1700000+ പലിശ | |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1998-99 | 35 | മൺപാത്ര നിർമ്മാണ യൂണിറ്റ് പ്രവർത്തനം ഇതുവരെ ആരംഭിച്ചില | |
| 2000-01 | ----- | പൊതു വിഭാഗം -പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | |
| 2001-02 | ------ | പൊതു വിഭാഗം -പോഷകാഹാര വിതരണം-ഭക്ഷണ സാധനങ്ങൾ വാങ്ങിയതിലെ അപാകതകൾ | |
| 2002-13 | 2(1) | ഗ്രാമ പഞ്ചായത്തുകൾ -കെട്ടിട നികുതി , തൊഴിൽ നികുതി,തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | |

| | | | |
|---|---|---|---|
| | | | |
| 2002-03 | 3(4) | മണൽ വിൽപ്പന-റിവർ മാനേജ്മെന്റ് ഫണ്ട് അടച്ചതിന് കാഷ് രശീതി നൽകുന്നില്ല. | |
| 2002-03 | 3(2) | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | |
| 2002-03 | 3(14) | സർക്കാർ നിർദ്ദേശങ്ങൾ ചട്ടങ്ങൾ സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിച്ചില്ല. | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 30242301 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 43391578 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 53690 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 465239 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി- യിലേയും സി- യിലേയും തുകയാണ്. )

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 53690 | കെ.വി.ശശി, ഹെഡ് മാസ്റ്റർ. |

ക്രമാനുസാരമാക്കാൻ കഴിയുന്ന ഓഡിറ്റ് തടസ്സങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

സാധൂകരിക്കാവുന്ന ഓഡിറ്റ് പരാമർശങ്ങൾ

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ഇല്ല | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 178975 | ശ്രീമതി.ഷൈജ.കെ.പി. ,<br>ഐ.സി.ഡി.എസ് സൂപ്പർവൈസർ. |
| 3-3 | 6800 | ശ്രീമതി.അനില.ടി.ശശി, കൃഷി ഓഫീസർ |
| 3-5 | 89464 | ശ്രീ.കെ.എ.രാജൻ, അസിസ്റ്റന്റ് സെക്രട്ടറി, |
| 3-6 | 190000 | ശ്രീ.കെ.വി.ശശി,ഹെഡ് മാസ്റ്റർ |
| ആകെ | 465239 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.വി.ശശി | ഹെഡ് മാസ്റ്റർ,<br>ഗവ.യു.പി.സ്കൂൾ, പൈങ്ങോട്ടായി. | ശിശിരം<br>മുയിപ്പോത്ത്.പി.ഒ.<br>മേപ്പയ്യൂർ. |
| സദാനന്ദൻ മാണിയോത്ത് | എ.ഇ.ഒ, തോടന്നൂർ | മാണിയോത്ത്<br>പൊന്മേരി<br>പറമ്പിൽ-പി.ഒ<br>വില്ല്യാപ്പള്ളി, വടകര. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 4 |
| 1999-00 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12തി 07.06.12 | 4 |
| 2000-01 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 2 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12തി 07.06.12 | 5 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 1 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി 07.06.12 | 2 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.(പി9)742/12 തി7.06.12 | 4 |
| 2006-07 | എൽ .എഫ്.കെ.കെ.ഡി(പി9)/1163/2010<br>തി 20.11.10 | 18 |
| 2007-08 | എൽ .എഫ്.കെ.കെ.ഡി/(പി9)/1069/2010<br>തി 18.07.11 | 16 |
| 2008-09 | എൽ .എഫ്.കെ.കെ.ഡി/പി5/1365/2012<br>തി 04.10.12 | 28 |
| 2009-10<br>2010-11 | എൽ .എഫ്.കെ.കെ.ഡി.(പി 5)/1296/2013<br>തി 11.11.13 | 15 |
| 2011-12 &<br>2012-13 | എൽ .എഫ്.കെ.കെ.ഡി.(പി 5)/682/14<br>തി 31.3.2015 | 24 |
| 2013-14&<br>2014-15 | എൽ .എഫ്.കെ.കെ.ഡി.(പി 5)/1388/14<br>തി 30.07.2016 | 21 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ കെ.കെ.ഡി-പി5/1952/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കോഴിക്കോട്

E-mail: dokkd.ksad@kerala.gov.in

ഫോൺ: 0495-2371012

തീയതി. 10-11-2016.

1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിൻെറ 215 ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ് ട്രോളർ ആൻറ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൻെറ 2015–16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

KSA.KKD-P5/1952/2016

Kerala State Audit Department

District Audit Office, Kozhikode

Phone: 0495-2371012

E-mail:dokkd.ksad@kerala.gov.in

Date: 10-11-2016.

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thiruvallur Grama Panchayat in Kozhikode District for the year ended on 31.03.2016 in accordance with section '4' of the Kerala Local Fund Audit Act 1994; Section 215 of the Kerala Panchayat Raj Act 1994; the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thiruvallur Grama Panchayat for the year 2015-16 except the observations in my audit report properly presents the picture of income and expenditure .

DEPUTY DIRECTOR

District Audit Office, Kozhikode.